**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 465** **10-02-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 ലെ ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം, മാറംപള്ളി, കുമാരപുരം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾ , സൗത്ത് വാഴക്കുളം സർക്കാർ ലോവർ പ്രൈമറി സ്കൂൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 2024-25 ലെ വർക്സ് ബജറ്റിൽ വാഴക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.<br><br>മാറംപള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം, സൗത്ത് വാഴക്കുളം സർക്കാർ ലോവർ പ്രൈമറി സ്കൂൾ കെട്ടിട നിർമ്മാണം എന്നിവ 2024-25 ലെ വർക്സ് ബജറ്റിൽ ക്രമ നം. യഥാക്രമം 341 ആയും, 2537 ആയും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പ്രൊപ്പോസലുകൾ ഭരണാനുമതിയ്ക്കായി ധന വകുപ്പിൽ ഇതു വരെ ലഭ്യമായിട്ടില്ല.<br><br>2023-24 സാമ്പത്തിക വർഷത്തെ വർക്സ് ബജറ്റിൽ ക്രമ നം. 1539 ആയി ഉൾപ്പെട്ട എറണാകുളം ജില്ലയിലെ കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിനു പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രൊപ്പോസൽ E-2721473/ HLT-A1/50/2024-FIN നമ്പർ ഫയലിൽ പരിശോധിക്കുകയും , **3 കോടി രൂപയ്ക്ക്** "4210-01-110-74-Construction Works under DHS-01 Works(P)" എന്ന ശീർഷകത്തിൽ ഭരണാനുമതി പുറപ്പെടുവിക്കാൻ ബഹു: ധനകാര്യ മന്ത്രിയുടെ അംഗീകാരത്തോടെ 16/03/2024-ന് ആരോഗ്യ കുടുംബ ക്ഷേമ(പി) വകുപ്പിനെ അറിയിച്ചതിനെ തുടർന്ന് **11.07.2024-ലെ സ.ഉ(സാധാ.)നം.1670/ 2024/ആ.കു.വ ഉത്തരവ്** പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട ഫയലുകൾ നിലവിൽ ഏതെല്ലാം സെക്ഷനുകളിലാണെന്നും പ്രസ്തുത സെക്ഷനുകളിലെ ഫയൽ നമ്പറുകളും ലഭ്യമാക്കാമോ; | (ബി) | **കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിനു പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രൊപ്പോസൽ E-2721473/HLT-A1/50/2024-FIN നമ്പർ ഫയലിൽ പരിശോധിക്കുകയും , 3 കോടി രൂപയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കാൻ ബഹു: ധനകാര്യ മന്ത്രിയുടെ അംഗീകാരത്തോടെ 16/03/2024 - ന് ആരോഗ്യ കുടുംബ ക്ഷേമ(പി) വകുപ്പിനെ അറിയിച്ചതിനെ** |

| | | | |
|---|---|---|---|
| | | | **തുടർന്ന് 11.07.2024-ലെ സ.ഉ(സാധാ.)നം.1670/2024/ആ.കു.വ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്.**<br><br>**മറ്റു പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ ധനവകുപ്പിൽ ലഭ്യമായിട്ടില്ല.** |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | **കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിനു പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ധനവകുപ്പിൽ നിന്നും അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.**<br><br>**മറ്റു പ്രവൃത്തികളുടെ ഭരണാനുമതിയ്ക്കായി പ്രൊപ്പോസലുകൾ ധന വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ